(എ) വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇതുവരെ എത്ര ബസ്സുകൾ കൂടുതൽ ഇറക്കിയിട്ടുണ്ട്;

(ബി) ഇറക്കിയിട്ടില്ലെങ്കിൽ അതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ):

(എ, ബി) വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനു മാത്രമയി പ്രത്യേകം പുതിയ ബസ്സുകൾ ഇറക്കുന്നില്ല. എന്നാൽ ദേശവൽക്കരിച്ച റൂട്ടുകളിൽ വിദ്യാർത്ഥികളുടെ ആവശ്യത്തിനനുസരിച്ചു ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസുകൾ നടത്തുന്നുണ്ട്. അതു പോലെ പ്രൈവറ്റ് സെക്ടറിൽ വിദ്യാർത്ഥികളടക്കമുള്ള ആളുകളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനു റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ കാലാകാലങ്ങളിൽ കൂടുതൽ ബസ്സുകൾക്കു പെർമിറ്റ് നൽകിവരുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. ബസ്സുകൾ വാങ്ങുന്നതിന് ലോൺ

*561 [610] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:

,, സ്റ്റീഫൻ പാദുവ:

,, തച്ചടി പ്രഭാകരൻ:

,, വി. എം. സുധീരൻ:

,, പി. കെ. വേലായുധൻ:

,, എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഏതെല്ലാം ഷെഡ്യൂൾ ബാങ്കുകളിൽ നിന്നു ബസ്സുകൾ വാങ്ങുന്നതിന് ലോൺ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പലിശയിനത്തിൽ ഓരോ വർഷവും ഓരോ ബാങ്കുകൾക്കു നൽകുന്ന തുക എത്രവീതമാണെന്നു വ്യക്തമാക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ):

(എ) കെ. എസ്. ആർ. ടി. സി. ബാങ്ക് ഓഫ് കൊച്ചിൻ, സൗത്ത് ഇൻഡ്യൻ ബാങ്ക് എന്നീ സ്വകാര്യ ഷെഡ്യൂൾ ബാങ്കുകളിൽ നിന്നും ബസ്സുകൾ വാങ്ങുന്നതിനുവേണ്ടി ഓരോ കോടി രൂപാ വീതം ലോൺ എടുത്തിട്ടുണ്ട്.

(ബി) പലിശയിനത്തിൽ ഓരോ വർഷവും ഓരോ ബാങ്കിനും നൽകിയ തുക താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്:

വർഷം	ബാങ്ക് ഓഫ് കൊച്ചിൻ രൂപ	സൗത്ത് ഇൻഡ്യൻ ബാങ്ക് രൂപ
1978	2,55,582·19	6,666·67
1979	9,95,076·90	10,35,305·84
1980	5,71,632·30	7,06,265·01
1981	1,29,566·35	1,94,082·19

LIBRARY ARCHIVES Kerala Legislative Assembly